"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ആർ.സി1/262/2022-തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

തിരുവനന്തപുരം, തീയതി: 10-12-2024

**സർക്കുലർ**

വിഷയം:- തസ്വഭവ - അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ - നീക്കം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 1) WP(C) No. 1671/2021 നമ്പർ ഹർജിയിന്മേൽ 02.12.2021 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

2) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.03.2022 ൽ കൂടിയ സർവ്വകക്ഷിയോഗ തീരുമാനം.

3) WP(C) No. 22750/2018, WP(C) No. 25784/2018, WP(C) No. 42574/2018 & WP(C) No. 27642/2021 എന്നീ റിട്ട് ഹർജികളിന്മേൽ 22.03.2022 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

4) WP(C) No. 1671/2021 നമ്പർ ഹർജിയിന്മേൽ 22.06.2022 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

5) 06.05.2022, 05.07.2022 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ

6) WP(C) No. 1671/2021 നമ്പർ ഹർജിയിന്മേൽ 07.07.2022 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

7) 02.08.2022 തീയതിയിലെ RC2/315/2022-LSGD നമ്പർ സർക്കുലർ.

8) WP(C) No. 22750/2022 കേസിലെ ബഹു. ഹൈക്കോടതിയുടെ 19.10.2022 ലെ ഇടക്കാല ഉത്തരവ്.

9) സ.ഉ (സാധാ) നം. 3075/202൨/തസ്വഭവ തീയതി: 12.12.2022.

10) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.12.2022 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് .

11) സ.ഉ (സാധാ) നം. 1173/2023/തസ്വഭവ തീയതി : 06.06.2023.

12) WP(C) No. 22750/2018 നമ്പർ കേസിലെയും അനുബന്ധ കേസുകളിലെയും ബഹു. ഹൈക്കോടതിയുടെ 08.06.2023 തീയതിയിലെ ഉത്തരവ്.

13) 19.06.2023 ലെ ഇതേ നമ്പർ സർക്കുലർ.

14) WP (C) No. 22750/2018 നമ്പർ കേസും അനുബന്ധ കേസുകളും പരിഗണിച്ചുകൊണ്ട് ബഹു. കോടതി പുറപ്പെടുവിച്ച 04/12/2024 ലെ ഉത്തരവ്

**********************

സംസ്ഥാനത്തെ പാതേയാരങ്ങളിലും കാൽനടയാത്രക്കാർ ഗതാഗതത്തിനുപയോഗിക്കുന്ന ഫുട്ട്പാത്ത് ഏര്യാ, ഹാൻഡ് റെയിലുകൾ എന്നിവിടങ്ങളിലും റോഡുകളുടെ സെന്റർ മീഡിയൻ, ട്രാഫിക് ഐലന്റ് എന്നിവിടങ്ങളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങൾ, തോരണങ്ങൾ, കൊടിക്കുറകൾ, ഫ്ലക്സുകൾ, പരസ്യ ബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് സൂചന (3), (4) - ലെ ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം സർക്കാർ സൂചന (5) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

സൂചന (6) ലെ ബഹു. ഹൈക്കോടതി നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കർശനമായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (7) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു.

സൂചന (8) ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പാതേയാരങ്ങളിൽ നിന്നും അനധികൃത ബോർഡുകൾ, ബാനറുകൾ, കൊടിതാരണങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ പ്രാദേശിക കമ്മിറ്റികളും അവ യഥാക്രമം നടപ്പിലാക്കുന്നുണ്ട് എന്ന് നിരീക്ഷിക്കുന്നതിനായി ജില്ലാ തല മോണിട്ടറിംഗ് കമ്മിറ്റികളും രൂപീകരിച്ചുകൊണ്ട് സൂചന (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ

അനധികൃത കൊടിതോരണങ്ങളും ഫ്ലക്സ് ബോർഡുകളും നീക്കം ചെയ്യുന്നതിന് NHAI, തദ്ദേശ സ്വയംഭരണ, റവന്യൂ, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് വരുന്ന ചട്ടങ്ങളിൽ പ്രസ്തുത വകുപ്പുകൾ തന്നെ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണെന്ന നിർദ്ദേശം നൽകി സൂചന (11) പ്രകാരം ഉത്തരവായിരുന്നു.

സൂചന (12) ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പാതേയാരങ്ങളിൽ നിന്നും അനധികൃത ബോർഡുകൾ, ബാനറുകൾ, കൊടിതാരണങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് സൂചന (13) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

മേൽ നടപടികൾ നിരീക്ഷിക്കുന്നതിന് ബഹു. ഹൈക്കോടതി Amicus curiae െയ ചുമതലപ്പെടുത്തുകയും Amicus curiae യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി സൂചന (14) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായി. പ്രസ്തുത ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെ കാണും പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും, തങ്ങളുടെ അധികാര പരിധിയിൽ അനധികൃതമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള എല്ലാ ഫ്ലക്സ് ബോർഡുകളും ബാനറുകളും കൊടിതോരണങ്ങളും സൂചന 14 പ്രകാരമുള്ള ബഹു. ഹൈക്കോടതി ഉത്തരവ് തീയതി മുതൽ 10 ദിവസങ്ങൾക്കുള്ളിൽ നീക്കം ചെയ്തു എന്ന് ഉറപ്പാക്കേണ്ടതാണ്. അനധികൃതമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള എല്ലാ ഫ്ലക്സ് ബോർഡുകളും ബാനറുകളും കൊടിതോരണങ്ങളും നീക്കം ചെയ്യുന്നത് തദ്ദേശ സ്ഥാപന സെക്രട്ടറിമാരുടെ വ്യക്തിപരമായ ഉത്തരവാദിത്തമാണ്. അപ്രകാരം നീക്കം ചെയ്യാത്തവയ്ക്ക് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് കോടതി ഉത്തരവിൻ പ്രകാരം പിഴ ചുമത്തുന്നതാണ്.
- ആയവ നീക്കം ചെയ്യുന്ന അവസരത്തിൽ ആവശ്യമെങ്കിൽ പോലീസ് സഹായം തേടേണ്ടതാണ്. ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സ്റ്റേഷൻ ഹൌസ് ഓഫീസർമാർക്കും അടിയന്തിര നിർദേശങ്ങളും സഹായങ്ങളും നൽകേണ്ടതാണ്.

- നീക്കം ചെയ്ത എല്ലാ ഫ്ലക്സ് ബോർഡുകളും ബാനറുകളും കൊടിതോരണങ്ങളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു തദ്ദേശ സ്ഥാപന സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി റ്റു ചീഫ് സെക്രട്ടറി, കേരള

ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ

റവന വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (സിറ്റി/ റൂറൽ)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും (പഞ്ചായത്ത്/നഗരകാര ഡയറക്ടർ മുഖേന)

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.

കമ്മീഷണർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്, (സൂചന 14 ലെ ബഹു ഹൈക്കോടതിയുടെ ഉത്തരവിന്റെ പകർപ്പ് സഹിതം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (LSGD-RC1/262/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 10-12-2024 16:29:25

സെക്ഷൻ ഓഫീസർ.